"ഭരണഭാഷ -മാതൃഭാഷ"

# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : ഷീബാ ജോർജ്ജ് IAS)**

**ഉത്തരവ് നം. ICDS/A6/7116/18** തീയതി: 14..6..2018

================================ =====================

വിഷയം :വനിത ശിശുവികസന വകുപ്പ് - സൈക്കോ സോഷ്യൽ സർവ്വീസസ് - സ്കൂൾ കൗൺസിലർമാർക്ക് 2018-19 വർഷം ഹോണറേറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :1) പാലക്കാട് അഡീ.സി.ഡി.പി.ഒ.യുടെ 30/5/18 ലെ 385/18 നമ്പർ കത്ത്.
:2) പന്തലായനി അഡീ.സി.ഡി.പി.ഒ.യുടെ 30/5/18 ലെ നം.668/18 കത്ത്.

2018-19 സാമ്പത്തിക വർഷം സൈക്കോ സോഷ്യൽ പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് പരാമർശം (1) പ്രകാരം പാലക്കാട് അഡീ. സി.ഡി.പി.ഒ.യും, പരാമർശം (2) പ്രകാരം പന്തലായനി അഡീ. സി.ഡി.പി.ഒ.യും അപേക്ഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് അഡീഷണൽ പ്രോജക്ടിൽ 5/18 മുതൽ 7/18 വരെ ഹോണറേറിയം നൽകുന്നതിന് 40,540/- രൂപയും (നാൽപതിനായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം), പന്തലായനി അഡീഷണൽ പ്രോജക്ടിൽ 3/18 മുതൽ 8/18 വരെയുള്ള കാലയളവിൽ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് ₹ 4,08,750/- (നാല് ലക്ഷത്തി എണ്ണായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) യും ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പാലക്കാട് അഡീഷണൽ, പന്തലായനി അഡീഷണൽ ICDS പ്രോജക്ടുകളിലെ സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം ആകെ ₹ 4,49,290/- (നാല് ലക്ഷത്തി നാൽപത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ ICDS പ്രോജക്ടിലും അനുവദിച്ചിട്ടുള്ള തുക CDPO മാർ പിൻവലിച്ച് ബന്ധപ്പെട്ട സ്കൂൾ കൗൺസിലറുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യേണ്ടതും ആയതിന്റെ അക്വിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62(01)P എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
**വനിത ശിശുവികസന ഡയറക്ടർ**

പ്രോഗ്രാം ഓഫീസർ, പാലക്കാട് / കോഴിക്കോട്

**പകർപ്പ്**

1. സി.ഡി.പി.ഒ, പാലക്കാട് അഡീഷണൽ / പന്തലായനി അഡീഷണൽ
2. സൂപ്രണ്ട്, എ സെക്ഷൻ / പ്ലാനിംഗ് സെക്ഷൻ
3. ഒ.സി. / സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

NA /2018

## സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി അനുവദിക്കുന്ന തുക

ജില്ല : പാലക്കാട്

| ക്രമ നം. | പ്രോജക്ട് | 2018 ആഗസ്റ്റ് വരെ ഹോണറേറിയം നൽകുന്നതിന് അനുവദിക്കുന്ന തുക (₹) |
|---|---|---|
| 1 | പാലക്കാട് അഡീഷണൽ | 40,540/- |
| ജില്ല : കോഴിക്കോട് | | |
| 1 | പന്തലായനി അഡീഷണൽ | 4,08,750/- |
| | ആകെ | 4,49,290 |

(നാല് ലക്ഷത്തി നാൽപത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റ് തൊണ്ണൂറ് രൂപ മാത്രം)

വനിത ശിശുവികസന ഡയറക്ടർ(ഒപ്പ്)

*NA /2018*